**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2475** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഭരണഘടനയുടെ ആമുഖം -പ്രതിജ്ഞാ രൂപത്തിൽ പിഴവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ഭരണഘടനയുടെ ആമുഖം പ്രതിജ്ഞാ രൂപത്തിൽ ചൊല്ലി കൊടുക്കണമെന്ന് നിർദ്ദേശിച്ച കൊണ്ട് പഞ്ചായത്ത് വകുപ്പിന്റെ ഓഫീസുകളിൽ നൽകിയ നിർദ്ദേശത്തിലുൾപ്പെടുത്തിയ ഭരണഘടന ആമുഖത്തിൽ പിഴവുകൾ ഉണ്ടായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തൊക്കെ പിഴവുകൾ വരുത്തിയതായാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) | മലയാളത്തിൽ ടൈപ്പ് ചെയ്തപ്പോൾ 'ഐക്യം' എന്ന വാക്ക് വിട്ടുപോയി, കൂടാതെ വാക്യഘടനയിൽ 'ആയ' എന്ന വാക്ക് തെറ്റായി ഉൾപ്പെടുകയും ചെയ്തു. |
| (സി) | ഭാരതത്തിന്റെ ഭരണഘടനയുടെ ആമുഖം പ്രതിജ്ഞാ രൂപത്തിൽ ആക്കിയതിൽ ഗുരുതര പിഴവുകൾ കടന്നു കൂടിയെന്ന ആക്ഷേപം ഗൗരവമേറിയ വീഴ്ചയായി സർക്കാർ കാണുന്നുണ്ടോ; | (സി) | കത്ത് ടൈപ്പ് ചെയ്തപ്പോൾ ഉണ്ടായ തെറ്റാണ് പിഴവ് സംഭവിക്കാൻ കാരണം. തെറ്റ് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് പ്രതിജ്ഞ ചൊല്ലുന്ന സമയത്തിന് മുൻപ് തന്നെ പ്രതിജ്ഞ ചൊല്ലുന്നതിന് നിർദ്ദേശം നൽകി കൊണ്ട് നൽകിയ കത്ത് റദ്ദ് ചെയ്യുകയും പകരം തെറ്റു തിരുത്തി തയ്യാറാക്കിയ പ്രതിജ്ഞ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ മെയിൽ രൂപത്തിൽ അയച്ചു നൽകി പിഴവ് പരിഹരിച്ചിട്ടുള്ളതുമാണ്. |
| (ഡി) | ഈ ഗുരുതര പിഴവ് സംഭവിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കത്ത് ടൈപ്പ് ചെയ്തപ്പോൾ ഉണ്ടായ തെറ്റാണ് പിഴവ് സംഭവിക്കാൻ കാരണം. തെറ്റ് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് പ്രതിജ്ഞ ചൊല്ലുന്ന സമയത്തിന് മുൻപ് തന്നെ പ്രതിജ്ഞ ചൊല്ലുന്നതിന് നിർദ്ദേശം നൽകി കൊണ്ട് നൽകിയ കത്ത് റദ്ദ് ചെയ്യുകയും പകരം തെറ്റു തിരുത്തി തയ്യാറാക്കിയ പ്രതിജ്ഞ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ മെയിൽ രൂപത്തിൽ അയച്ചു നൽകി പിഴവ് പരിഹരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ